ഉത്തരം

(എ) അഗസ്ത്യവനം ബയോളജിക്കൽ പാർക്കിന്റെ ഉത്ഘാടനത്തിനു ശേഷം പ്രോജക്ട് അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. പ്രോജക്ട് പ്രദേശത്ത് അധിവസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൽകുന്നതിനായി ഒരു റബ്ബർ തോട്ടവും അവരുടെ പുനരധിവാസത്തിനായി വീടുകളും നിർമ്മിക്കുന്നതിന് തുടക്കമിട്ടു. എന്നാൽ റിട്ട് അപ്പീൽ നം. 879/93 മേൽ ബഹു. ഹൈക്കോടതി 10-9-1993 ൽ പുറപ്പെടുവിച്ച നിരോധന ഉത്തരവ് നിലവിലുള്ളത് കാരണം പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ വനസംരക്ഷണപ്രവർത്തനങ്ങളായ സംരക്ഷണം, നീർവീഴ്ച തടയൽ, മണ്ണ് ഈർപ്പ സംരക്ഷണ നടപടികൾക്കായുള്ള വൃക്ഷതൈകൾ നടീൽ, മണ്ണൊലിപ്പ് തടയൽ, ഗിരിജനക്ഷേമ പ്രവർത്തനങ്ങൾ മുതലായ കാര്യങ്ങൾ എല്ലാവർഷവും ലഭ്യമായ ഫണ്ട് ഉപയോഗിച്ച് ചെയ്തു വരുന്നുണ്ട്.

(ബി) ഉണ്ട്. നിർദ്ദിഷ്ട അഗസ്ത്യവനം ബയോളജിക്കൽ പാർക്കിനുവേണ്ടി സർക്കാർ ഏറ്റെടുത്ത സ്വകാര്യഭൂമിയുടെ ഉടമകൾ ആയ ശ്രീമതി. സരോജനിയും മറ്റ് ഒൻപത് പേരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ 879/93 നമ്പർ റിട്ട് അപ്പീൽ ഫയൽ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ബഹു. കോടതി 10-9-1999-ൽ പുറപ്പെടുവിച്ച നിരോധന ഉത്തരവ് പ്രകാരം പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിട്ടുള്ളതുമാണ്.

(സി) ഒറ്റപ്പെട്ട വനംകവർച്ച സംബന്ധമായ കൃത്യങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ മാത്രമേ സ്റ്റേ നീക്കിക്കിട്ടുന്നതിനായി ബഹുമാനപ്പെട്ട കോടതിയിൽ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. സ്റ്റേ നീക്കിക്കിട്ടിയാൽ പദ്ധതി അനുസരിച്ചുള്ള പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ സാധിക്കും.

**ആനകളെ സംരക്ഷിക്കാൻ നടപടി**

**65(1120)** ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ആനകളെ സംരക്ഷിക്കുന്നതിനു സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇപ്പോൾ കാട്ടിൽ എത്ര ആനകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; നാട്ടിൽ ഉള്ള ആനകളുടെ എണ്ണം എത്ര ;

(സി) ആനകളെ ക്രൂരമായി പീഡിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത് ; ആരുടെയെങ്കിലും പേരിൽ ശിക്ഷണ നടപടികൾ എടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആനകൾക്ക് പലതരത്തിലുള്ള രോഗങ്ങൾ ഉണ്ടാകുന്നതും മദപ്പാട് ഇളകുന്നത് കൂടിവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആനകളെ പികിത്സിക്കുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുമോ ;

(ഇ) ആനകളുടെ പ്രത്യേകതകളെക്കുറിച്ചും ഇന്നത്തെ സ്ഥിതിയെ കുറിച്ചും പഠിക്കാൻ കാർഷിക സർവ്വകലാശാല ഗവേഷണം നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആനകളുടെ സംരക്ഷണത്തിനായി കേന്ദ്രഗവൺമെന്റിന്റെ പ്രോജക്ട് എലിഫന്റ് പദ്ധതി പ്രകാരമുള്ള പ്രത്യേക പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ആനകളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുക, ആനകളുടെ സുഗമമായ സഞ്ചാരത്തിന് ആനത്താരകളും മറ്റും മെച്ചപ്പെടുത്തുക, ആനകളും മനുഷ്യരും തമ്മിലുള്ള സംഘർഷം കുറയ്ക്കുന്നതിനായി പ്രശ്ന പ്രദേശങ്ങളിൽ സെറ്റിൽമെന്റുകൾക്ക് ചുറ്റും വൈദ്യുതകമ്പിവേലി കെട്ടുക, ട്രഞ്ച് കുഴിക്കുക തുടങ്ങിയ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക, ഗവേഷണ പഠനങ്ങൾ നടത്തുക, സംരക്ഷണ പ്രവർത്തനങ്ങളിൽ പൊതുജന അവബോധം വളർത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇത് കൂടാതെ ആനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് താഴെ പറയുന്ന നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

1. വനനിയമം, വന്യജീവി സംരക്ഷണ നിയമം എന്നിവ കർശനമായി നടപ്പിലാക്കുക.

2. സംരക്ഷണ വിഭാഗം ജീവനക്കാരെ ഫീൽഡ് പട്രോളിംഗിനായി സജ്ജമാക്കുക, അവർക്ക് വാഹനം, വാർത്താവിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുക.

3. ബീറ്റ് സമ്പ്രദായം പരിഷ്ക്കരിച്ച് ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി 68 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

4. പ്രശ്നപ്രദേശങ്ങളിൽ പ്രവർത്തനങ്ങൾക്ക് പിൻബലമേകാൻ ഡിവിഷൻ തലത്തിൽ 8 ഫ്ളയിംഗ് സ്കാഡ് ഡിവിഷനുകളും, 22 ഫ്ളയിംഗ് സ്കാഡ് റെയിഞ്ചുകളും ആയുധവാഹന വയർലെസ് സംവിധാനത്തോടു കൂടി പ്രവർത്തിക്കുന്നുണ്ട്.

5. അയൽ സംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങളിലുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും വൈൽഡ് ലൈഫ് വാർഡർമാർക്കും സംരക്ഷണം സംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറിയും സംയുക്ത പട്രോളിംഗ് നടത്തിയും സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമായി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

6. കൂടാതെ വന-വന്യജീവി സംരക്ഷണം സംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്നതിന് 3 പ്രത്യേക കോടതികൾ നിലവിലുണ്ട്.

7. വനസംരക്ഷണം, വന്യജീവി സംരക്ഷണം എന്നിവയുടെ ആവശ്യകതയെക്കുറിച്ച് വേണ്ടത്ര അവബോധം സൃഷ്ടിക്കുക.

(ബി) 1997-ൽ വനംവകുപ്പ് പീച്ചിയിലെ വനഗവേഷണ സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെ നടത്തിയ വന്യജീവി സെൻസസ് പ്രകാരം കാട്ടിൽ 5737 ആനകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. നാട്ടിൽ ഏകദേശം 450 ആനകൾ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി) ടൂറിസം വിഭാഗത്തിന്റെ ഗജമേളയിൽ ആനകളെ പീഡിപ്പിക്കുന്നതായിട്ടുള്ള പരാതികൾ ഉയർന്നിട്ടുണ്ട്. ഇത് ടൂറിസം വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഗജമേള അടുത്ത വർഷം മുതൽ നിർത്തിവയ്ക്കുമെന്ന് അവർ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി റ്റു ആനിമൽസ് ആക്റ്റിൽ ആനകൾ ഉൾപ്പെടെയുള്ള മറ്റ് മൃഗങ്ങളെയും പീഡിപ്പിക്കുന്നതിനെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാൻ വകുപ്പുകളുണ്ട്.

(ഡി) ആനകളിൽ മദപ്പാട് ഇളകുന്നത് പ്രകൃത്യായുള്ളതാണ്. ആനകളിൽ രോഗങ്ങൾ കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആനകൾ ഉൾപ്പെടെ മൃഗങ്ങളുടെ ചികിത്സാ പ്രവർത്തനങ്ങൾ നടത്തുന്നതിന് വനംവകുപ്പിന് മൂന്ന് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ചികിത്സാ സംഘം പ്രവർത്തിക്കുന്നുണ്ട്.

(ഇ) വാഴച്ചാൽ മേഖലകളിൽ ആനകളുടെ ആവാസ വ്യവസ്ഥയെ കുറിച്ചും രോഗങ്ങളെക്കുറിച്ചും പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും കേരളകാർഷിക സർവ്വകലാശാലയിലെ ഡോ. ജേക്കബ് വി. ചീരഞ്ജന 1994-97 ൽ വനം വകുപ്പ് ചുമതലപ്പെടുത്തിയിരുന്നു.

## അനധികൃതവേട്ട നിയന്ത്രിക്കുവാൻ നടപടികൾ

**66 (1121)** ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട മലനിരകളിലെ വനമേഖലയിൽ വേട്ടക്കാരുടെ ആക്രമണത്തിൽ ജീവജാലങ്ങൾക്ക് വൻതോതിൽ ജീവാപായം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അനധികൃതവേട്ട നിയന്ത്രിക്കുവാൻ നടപടികൾ കൈക്കൊണ്ട് ജീവജാലങ്ങളുടെ ജീവൻ സംരക്ഷിക്കുവാൻ നടപടികൾ കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly